# ഭവനസമുന്നതിപദ്ധതി അഗ്രഹാരങ്ങൾക്കു മാത്രമാക്കാതെ മുന്നാക്കത്തിലെ എല്ലാവിഭാഗങ്ങൾക്കും ഒരുപോലെ പ്രയോജനകരമാക്കണം

കേരളത്തിലെ സംവരണേതരവിഭാഗങ്ങളിൽ നല്ലൊരു ശതമാനവും സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരാണ്. കാലാകാലങ്ങളിൽ വന്ന നിയമനിർമ്മാണങ്ങളും തൊഴിലവസരങ്ങളുടെ കുറവുമാണ് അതിനു കാരണം.

ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക, അതുവഴി പ്രസ്തുത വിഭാഗങ്ങളെ വികസനത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2012-ൽ കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമകോർപ്പറേഷൻ (സമുന്നതി) സ്ഥാപിതമായത്.

9 വർഷം മുമ്പ് പ്രവർത്തനം ആരംഭിച്ച സമുന്നതി, ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതുമൂലം സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന നിരവധി മുന്നാക്കസമുദായകുടുംബങ്ങൾക്ക് ആശ്വാസം പകരുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിന്റെ പൈതൃകസ്വത്തുക്കൾ (അഗ്രഹാരങ്ങൾ, നാലുകെട്ടുകൾ, എട്ടുകെട്ടുകൾ, മനകൾ, ഇല്ലങ്ങൾ, പരമ്പരാഗതസംസ്കാരം വിളിച്ചോതുന്ന തറവാടുകൾ) സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഭവനസമുന്നതിപദ്ധതി 2015-ൽ നിലവിൽവന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ആദ്യഘട്ടമായി 2016-ൽ കാലപ്പഴക്കത്താൽ തകർച്ചയെ നേരിടുന്ന അഗ്രഹാരങ്ങൾ വാസയോഗ്യമായി നവീകരിച്ച് നിലനിർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിക്ക് പ്രസ്തുതവർഷം 300 ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചത്.

തുടർന്ന്, 2017-18 സാമ്പത്തികവർഷത്തിൽ മുന്നാക്കത്തിലെ മറ്റു ജനവിഭാഗങ്ങൾക്കുകൂടി പ്രയോജനകരമാകുന്ന തരത്തിൽ, അഗ്രഹാരങ്ങളോടൊപ്പം തന്നെ ജീർണ്ണാവസ്ഥയിലുള്ള മറ്റു ഭവനങ്ങളുടെയും നവീകരണത്തിനായി 440 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയുണ്ടായി.

ഭവനസമുന്നതിപദ്ധതി പ്രകാരമുള്ള സഹായം ലഭിക്കാനുള്ള അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാൽ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1140 ലക്ഷം രൂപ ഇതിലേക്ക് സർക്കാർ ഉൾപ്പെടുത്തിയെങ്കിലും സംസ്ഥാനം നേരിടേണ്ടിവന്ന പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുതവർഷത്തിൽ തുക റിലീസ് ചെയ്യുകയുണ്ടായില്ല, തുടർന്നുള്ള വർഷങ്ങളിലും എല്ലാ വിഭാഗങ്ങളെയും പരിഗണിക്കുന്നതിലേക്കായി അത്രയും തന്നെ തുക ബഡ്ജറ്റിൽ അനുവദിക്കുകയുണ്ടായി.

എന്നാൽ, 2020-21, 2021-22 വർഷങ്ങളിലെ ബഡ്ജറ്റിൽ ടി പദ്ധതി അഗ്രഹാരങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നതായി അറിയുന്നു. 3.6.2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻപ്രകാരം കേരളത്തിലെ 164 ജാതിവിഭാഗങ്ങളെ സംവരണആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതരവിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയുമാണ്. പ്രസ്തുത പട്ടികയിൽനിന്നും കേവലം ഒരു സമുദായത്തിനു മാത്രം ആനുകൂല്യം അനുവദിക്കുന്നത്, 164 ജാതിവിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യത്തിൽ വീണ്ടും ഒരു സംവരണം ഏർപ്പെടുത്തുന്നതിന് തുല്യമാണ്; അത് കോടതിവിധികൾക്ക് എതിരുമാണ്.

ആയതിനാൽ, മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ പദ്ധതി, അഗ്രഹാരങ്ങൾക്കു മാത്രമായി ചുരുക്കാതെ, മുന്നാക്കത്തിലെ മറ്റു ജനവിഭാഗങ്ങൾക്കുകൂടി പ്രയോജനകരമാകുംവിധം ക്രമീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.